# ക്ഷേത്രങ്ങളുടെ പ്രസക്തി

-- ഡോ. കെ. ഭാസ്ക്കരൻ നായർ

ക്ഷേത്രങ്ങളോട് മാത്രമല്ല, അവ പ്രതിനിധാനം ചെയ്യുന്ന സംസ്ക്കാരത്തോടും മതാചാരങ്ങളോടും, ആദ്ധ്യാത്മിക കാര്യങ്ങളോട് പൊതുവെ തന്നെയും, വൈമുഖ്യം എന്നല്ല, തീക്ഷ്ണമായ വിരോധവും പ്രത്യക്ഷപ്പെട്ടിട്ടുള്ള കാലമാണിത്, രാഷ്ട്രീയ പുരോഗതിയുടെ പേരിലും സാമ്പത്തിക പരിപാടികളുടെ പേരിലും, സയൻസിൻെറ പേരിലും, യുക്തിവാദത്തിൻെറ പേരിലും മററുമാണ് ഈ വിരോധം പ്രകടമാകുന്നത്. ഇതു കൊടുമ്പിരിക്കൊണ്ട് ഗുരുവായൂർ ക്ഷേത്രത്തിൽ സത്യാഗ്രഹം വരെ എത്തിയത് പലരും ഓർക്കുന്നുണ്ടാവും. മററു പല സ്ഥലങ്ങളിലും ശാന്തിക്കാരും കഴകക്കാരും സംഘടിച്ച് കൂടക്കൂടെ പ്രത്യക്ഷ സമരം നടത്തുന്നതായും കേൾക്കാററുണ്ട്. എത്രയോ ലക്ഷം ജനങ്ങളുടെ ആരാധനാ കേന്ദ്രമായ ശബരിമല ക്ഷേത്രത്തിന് ഏതോ മഹാപാപികൾ തീ വെച്ചപ്പോൾ, ''ഒരു ക്ഷേത്രം നശിച്ചാൽ അത്രയ്ക്കു് അന്ധത കുറഞ്ഞു'' എന്ന് പ്രഖ്യാപിച്ചുകളഞ്ഞത് ഈ ജനായത്ത വ്യവസ്ഥിതിയിലെ ഒരു രാഷ്ട്രീയ നേതാവാണ് (തിരുവിതാംകൂർ - കൊച്ചി സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. കേശവൻ). അദ്ദേഹം എന്തെന്നില്ലാത്ത ദുരിതവും മഹാദുഃഖവും അനുഭവിച്ച് കാലഗതിയെ പ്രാപിക്കുകയും, അല്പകാലത്തിനുള്ളിൽ വിസ്മൃതനാവുകയും ചെയ്തു. പക്ഷേ ശബരിമല പൂർവ്വാധികം പ്രശസ്തിയാർജിച്ച് പുനരുജ്ജീവനം നേടുകയാണ് ഉണ്ടായത്!

ഹിന്ദുക്ഷേത്രങ്ങൾക്ക് അവിശ്വാസികളുടെ ആസ്കന്ദനം മാത്രമല്ല സഹിക്കേണ്ടി വന്നിരിക്കുന്നത്. സാമ്പത്തികനയം, ഭൂപരിഷ്ക്കരണ നിയമം, രാഷ്ട്രീയക്കാരുടെ കൈ കടത്തൽ,എന്നിവയുടെ ഫലമായി പല ക്ഷേത്രങ്ങളുടെയും ആദായ മാർഗ്ഗം അടഞ്ഞുപോയിരിക്കുന്നു. അററകുററപ്പണികൾക്കോ, നിത്യനിദാനത്തിനുപോലുമോ, വകയില്ലാതെ അവയെല്ലാം അടച്ചിടുകയേ നിവൃത്തിയുള്ളു എന്ന സ്ഥിതി വന്നിട്ടുണ്ട്. ക്രമേണ ഈ പുരാതന സ്ഥാപനങ്ങൾ ചോർന്നൊലിച്ച് നശിക്കുന്നതു കാണുമ്പോൾ എടുപ്പുകളെല്ലാം പൊളിച്ച് അടുക്കുകയാണ് ഭേദം എന്ന അഭിപ്രായമുണ്ടാകും. പ്രായോഗിക ബുദ്ധിയുടെ പേരിൽ അതിനെ പിൻതാങ്ങുവാനും ധാരാളം ആളുകളുണ്ടാവും.

ഇതിനൊക്കെ മുമ്പു തന്നെ ഭയാനകമായ മററൊരു ആപത്തിനെ നേരിടേണ്ടിയിരിക്കുന്നു. അത് ക്ഷേത്രങ്ങളിലെ കലാവസ്തുക്കളുടെ നിരന്തരമായ കൊള്ളയാണ്. നമ്മുടെ രാജ്യത്ത് ഇവയുടെ ആവശ്യത്തെക്കുറിച്ചുള്ള ബോധവും, ഇതെല്ലാം സംരക്ഷിക്കേണ്ടതാണെന്നുള്ള ആഗ്രഹവും അതി ശീഘ്രം ക്ഷയിച്ചുവരികയാണെങ്കിലും അന്യ രാജ്യക്കാർക്ക് ഇവയുടെ നേർക്ക് എന്തെന്നില്ലാത്ത അഭിനിവേശം ഉണ്ടായിരിക്കുകയാണ്. വിഗ്രഹങ്ങളും കൊത്തുപണികളും മാത്രമല്ല, ഒരു സൗന്ദര്യവുമില്ലാത്ത കിണ്ടിയും കിണ്ണവും മരക്കഷണങ്ങളും, എന്തു വില കൊടുത്തും വാങ്ങുവാൻ അവർ തയ്യാറായിരിക്കുന്നു! ഹിന്ദുക്കളെ വിഗ്രഹാരാധനക്കാരെന്ന് അധിക്ഷേപിച്ച പാശ്ചാത്യരാണ് ഇന്ന് ആ വിഗ്രഹങ്ങളുടെ തന്നെ വലിയ ആരാധകന്മാരായിത്തീർന്നിരിക്കുന്നത്. അവർക്ക് ഏതെങ്കിലും വിഗ്രഹങ്ങൾ കിട്ടിയാൽ പോരാ. എത്രയോ നൂററാണ്ടുകാലം പുണ്യക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ച് നിരന്തരം പൂജിച്ചവയാണെന്നു തീർച്ചയുള്ളവ തന്നെ വേണമെന്ന് നിർബന്ധമുണ്ട്. അവയെ സ്വീകരണ മുറിയിൽ കലാസുഭഗമായ രീതിയിൽ പ്രദർശിപ്പിച്ച്, ഇപ്പറഞ്ഞ ചരിത്ര വസ്തുത എടുത്ത് പറഞ്ഞ്, കാണാൻ വരുന്നവരെക്കൊണ്ടും ആരാധിപ്പിക്കണം! ഇതുമൂലം ദുരാഗ്രഹികൾക്ക് കൊള്ളലാഭം നേടുവാനുള്ള സുവർണ്ണാവസരമാണ് കൈവന്നിരിക്കുന്നത്. ക്ഷേത്രപ്രതിഷ്ഠകളെ പീഠത്തോടൊപ്പം ഇളക്കിയെടുത്ത് രായ്ക്കുരാമാനം വിററു കാശ് മാറുവാൻ പൂജാരികൾപോലും സന്നദ്ധരാകുന്ന കാലം വിദൂരമല്ല. തഞ്ചാവൂരിൽ നിന്നു് ഇങ്ങനെ കൊണ്ടുപോയ അതി മനോഹരമായ നടരാജ വിഗ്രഹം അമേരിക്കയിലെ ടെക്സാസ് സംസ്ഥാനത്ത് ജീവിക്കുന്ന ഒരു കോടീശ്വരൻെറ മണിമേടയിൽ സ്ഥാനം പിടിച്ച് വളരെക്കാലം കഴിഞ്ഞതിനു ശേഷമാണ്, ഇന്ത്യാഗവണ്മെൻറ് പോലും അക്കാര്യം അറിഞ്ഞത്. തഞ്ചാവൂരിൽ വെച്ചുതന്നെ

Digitized by Kerala Sahitya Akademi

അതിൻെറ ഒരു തനിപ്പകർപ്പുണ്ടാക്കി ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുവാനും അസ്സൽ വിഗ്രഹം അപഹരിച്ച് കടത്തിക്കൊണ്ടുപോകുവാനും ആ അമേരിക്കക്കാരനു കഴിഞ്ഞു! ധനം മാത്രമേ ആരാധ്യമായുള്ളൂ എന്നു വന്നാൽ എന്താണ് നടക്കാത്തത്? ഗുരുവായൂരപ്പനും അയ്യപ്പസ്വാമികളും ശ്രീപത്മനാഭനും വെങ്കടാചലപതികളും ഈ ദുഷ്ക്കാലം ഉണ്ടാകാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയേ നിവൃത്തിയുള്ളു.

ഇന്നത്തെ ഈ പ്രവണതകൾ തുടർന്നു പോവുകയാണെങ്കിൽ അധികം താമസിയാതെ പൂജ മുടങ്ങിയ ക്ഷേത്രങ്ങളെങ്കിലും ടൂറിസ്റ്റു വകുപ്പുകാർ വിലയ്ക്കോ വാടകയ്ക്കോ ഏറ്റെടുത്ത് വിദേശ സഞ്ചാരികളെ ആകർഷിക്കുവാനുള്ള കൗതുക കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുന്ന പ്രസ്ഥാനവും വന്നു കൂടായ്കയില്ല. ടൂറിസം എന്ന മഹാശാപം ഇന്ന് പിൻകിട രാജ്യങ്ങളെയെല്ലാം ബാധിച്ചിരിക്കുകയാണല്ലൊ. നാം സ്ഥാപിച്ചിട്ടുള്ള പഞ്ചനക്ഷത്ര ഹോട്ടലുകളിൽ താമസിച്ച് മദ്യപാനം ചെയ്യുന്നതിനേക്കാൾ ഈ രാജ്യത്തെ കാഴ്ചകൾ കാണുവാനാണ് അമേരിക്കയിലും ജർമ്മനിയിലും നിന്നുവരുന്ന വിനോദ സഞ്ചാരികൾക്ക് കൂടുതൽ ഇഷ്ടം എന്ന് ടൂറിസ വിദഗ്ദ്ധന്മാർ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. ക്ഷേത്രങ്ങളിൽ നടന്നിരുന്ന പൂജാക്രമങ്ങളും ആരാധനാ സമ്പ്രദായങ്ങളും കാണുവാനും അവയുടെ ഫോട്ടോ എടുക്കുവാനും അന്യരാജ്യക്കാർക്ക് താല്പര്യമുണ്ടെന്നുള്ളത് നിസ്സർക്കമാണ്. തൊഴിലില്ലാതെ വിഷമിക്കുന്ന പൂജാരികൾക്കും കഴകക്കാർക്കും ജോലി കിട്ടുവാനും ഇത് അവസരം നൽകും.

ഇങ്ങനെ പലവഴിക്കുനിന്നും വന്നുകൊണ്ടിരിക്കുന്ന ആപത്തുകളെ അതിജീവിച്ച് ഹിന്ദു സമുദായത്തിൻെറയും ഹൈന്ദവ സംസ്ക്കാരത്തിൻെറയും പൊതുമുതലായി അവശേഷിച്ചിട്ടുള്ള ക്ഷേത്രങ്ങൾക്ക് നിലനില്ക്കുവാൻ സാധിക്കുമോ എന്ന കാര്യത്തിൽ വലിയ ഭയമുണ്ട്. ഓരോവ്യക്തിയുടെയും ഭൗതികമായ ആവശ്യങ്ങൾ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ എന്ന തത്ത്വജ്ഞാനമാണ് ആധുനിക ലോകം സാർവ്വത്രികമായി അംഗീകരിച്ചിരിക്കുന്നത്. വ്യക്തികളുടെ താല്പര്യങ്ങൾക്ക് അതീതമായി, എല്ലാവർക്കും മാനിക്കത്തക്കതായി എന്തെങ്കിലും വേണമെന്നോ, ഉണ്ടെന്നു തന്നെയോ, ആരും വിശ്വസിക്കുന്നില്ല. താനും തൻെറ സുഖവും അത്രതന്നെ. വീടുവെച്ച്, നാലുചുററും മതിലുകെട്ടി, ഗേററിനു പൂട്ടുമിട്ടു ജീവിച്ചാൽ അതു തന്നെ സ്വർഗ്ഗം. അതിനപ്പുറം ഒന്നുമില്ല. ഈ സങ്കല്പം വേരുറയ്ക്കുമ്പോൾ ദേവാലയങ്ങൾ മാത്രമല്ല, ഭരണാലയങ്ങളും, വിദ്യാലയങ്ങൾപോലും, നിലനില്ക്കുവാൻ അർഹതയില്ലാത്തവയാണെന്നും, അവ നശിച്ചാൽ ''ആർക്കു ചേതം'' എന്നു തോന്നുന്നതിൽ അത്ഭുതമില്ല. അങ്ങനെ ഒരു ദുഷ്ക്കാലമാണോ പുണ്യഭൂമിയായ ഭാരതത്തിനു വരാൻ പോകുന്നതെന്ന് ആശങ്ക തോന്നുന്നു.

നമ്മുടെ ദേവാലയങ്ങളുടെ ചരിത്രമാലോചിച്ചാൽ ആരും അതിശയിച്ചു പോകും. അവയിൽ ഭൂരിപക്ഷവും ജനങ്ങൾ തന്നെ ചോര നീരാക്കി പ്രയത്നിച്ച് നിർമ്മിച്ചവയാണ്. രാജാക്കന്മാരോ കുബേരന്മാരോ അടിമവേല ചെയ്യിച്ചും സ്വന്തം പണം മുടക്കിയും പണിയിച്ചവ എത്രയോ ചുരുക്കമേയുള്ളു. ഇത്തരം പൊതു സ്ഥാപനങ്ങൾ ഇന്നു നിർമ്മിക്കണമെങ്കിൽ നേരിടേണ്ടി വരുന്ന പ്രയാസങ്ങൾ ആലോചിച്ചു നോക്കുക. ജനപ്രതിനിധികളെ പ്രീണിപ്പിച്ച്, മന്ത്രിയുടെ സേവ പിടിച്ച്, നിയമ സഭയിൽ പിൻതുണ സമ്പാദിച്ച്, ബഡ്ജററിൽ വക കൊള്ളിച്ചു, എത്രകാലം പ്രയത്നിക്കേണ്ടിവരുമെന്ന് ആക്കും ഊഹിക്കാവുന്നതാണ്. ഇതൊന്നും കൂടാതെ അതിഗംഭീരങ്ങളായ ഈ പൊതു സ്ഥാപനങ്ങൾ നിർമ്മിച്ച നമ്മുടെ പൂർവ്വികന്മാരെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. തങ്ങളുടെ തൽക്കാല ലാഭമായിരുന്നില്ല അവരുടെ ലക്ഷ്യം. സ്വന്തം ആരാധനയ്ക്ക് തുളസിത്തറയും വിളക്കുമാടവും മതിയാകുമെന്ന് അവർക്ക് അറിയാമായിരുന്നു. പിറകും തലമുറകൾക്കു വേണ്ടിയാണ് അവർ ഈ മഹാ ക്ഷേത്രങ്ങൾ നിർമ്മിച്ചതെന്ന് സ്പഷ്ടമാണ്. അതിൽ അവർ കാണിച്ച ദീർഘവീക്ഷണം എത്രയോ ആദരണീയമായിരിക്കുന്നു. ഇന്നത്തെ ഈ ജനപ്പെരുപ്പത്തിനിടയിലും അവ സ്വച്ഛതയുടെയും ശാന്തിയുടെയും പരിവേഷമണിഞ്ഞ് ലക്ഷോപിലക്ഷം ജനങ്ങൾക്ക് ഭവരോഗപീഡയിൽ നിന്നുള്ള അഭയസ്ഥാനങ്ങളായി പരിലസിക്കുന്നു. ദേവാലയങ്ങൾ നിർമ്മിക്കുക മാത്രമല്ല, അവയുടെ നിലനില്പിന്നും നടത്തിപ്പിനും വേണ്ട മുൻകരുതലുകളും അവർ ഏർപ്പെടുത്തുകയുണ്ടായി. അവയെല്ലാം പില്ക്കാലത്തു വന്ന സ്വാർത്ഥമൂർത്തികൾ കളഞ്ഞു കുളിച്ചു. എന്നിട്ടും ഇപ്പോഴിതാ ക്ഷേത്രഭാരവാഹികൾ ഭിക്ഷാംദേഹികളായി മന്ത്രിമാരുടേയും ദുബായിക്കാരുടെയും പുറകേ നടക്കുന്നു.

ശാസ്ത്രീയമായ പ്ലാനിങ്ങിൻെറയും വികസനപ്രവർത്തനങ്ങളുടെയും യുഗമെന്നും മനുഷ്യബുദ്ധിയുടെ വസന്ത കാലമെന്നും വാഴ്ത്തപ്പെടുന്ന ഇക്കാലത്തു് ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞും കിട്ടുന്നിടത്തു നിന്നെല്ലാം കടം വാങ്ങിയും നിർമ്മിക്കുന്ന പൊതു സ്ഥാപനങ്ങളിൽ എത്രയെണ്ണത്തിൻെറ കാര്യത്തിൽ ഇങ്ങനെയുള്ള ലോക സംഗ്രഹദൃഷ്ടി കാണുവാൻ കഴി

Digitized by Kerala Sahitya Akademi

യുമെന്നു് ചിന്തിക്കേണ്ടതാണു്. അവയിൽ എത്രയെണ്ണം അൻപതുവർഷത്തിനപ്പുറം അവശേഷിക്കുമെന്നും ആലോചിക്കണം. അണക്കെട്ടുകളും ഫാക്ടറികളും ആധുനിക ഭാരതത്തിൻെറ ക്ഷേത്രങ്ങളാണെന്നു് ജവാഹർലാൽ നെഹ്രു ആവേശ ഭരിതനായി ഉൽഘോഷിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ആത്മാത്ഥതയെക്കുറിച്ചു ആർക്കും സംശയമില്ല. ഉദ്ദേശശുദ്ധിയെക്കുറിച്ചും ആക്ഷേപമില്ല. എന്നാലും അദ്ദേഹത്തിൻെറ നേത്രരശ്മികൾ മനുഷ്യ ജീവിതമെന്ന ഈ പ്രഹേളികയുടെ ആഴത്തിലേക്കു് വേണ്ടുവോളം കടന്നു ചെന്നുവോ എന്നു് ഇപ്പോൾ സംശയം തോന്നുന്നു. ഏററവും ശ്രദ്ധയോടെ, പരമ ഭദ്രമായി സംരക്ഷിച്ചാലും ഒരു അണക്കെട്ടു് ഒരു നൂറു വർഷത്തിൽ കൂടുതൽ നിലനില്ക്കുകയില്ലെന്നാണു് ശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നതു്. അതിനകം അവസ്ഥ പിന്നിലെ ജല സംഭരണികൾ മണ്ണു കയറി നികന്നു പോകുമത്രെ. സിമൻറിൻെറ ബലവും ക്ഷയിക്കും. പക്ഷെ ഇതുവരെയുള്ള അനുഭവം വെച്ചു് നോക്കിയാൽ ഇന്ത്യയിലെ അണക്കെട്ടുകൾ അൻപതു വർഷംപോലും നില്ക്കുകയില്ലെന്നാണു് സൂക്ഷ്മ ദൃക്കുകളായ എഞ്ചിനീയർമാർ പ്രവചിക്കുന്നതു്. വർഷം തോറും പത്തും ഇരുപതും അടി മണ്ണാണു് അവിടെയുള്ള ജലാശയങ്ങളിൽ ഒലിച്ചിറങ്ങുന്നതു്. ചുററുമുള്ള വനമെല്ലാം വെട്ടിത്തെളിച്ചു കൃഷിതുടങ്ങിയിരിക്കുന്നതുകൊണ്ടും വൻ തോതിലുള്ള മണ്ണൊലിപ്പു് നടന്നുകൊണ്ടിരിക്കുകയാണു്. നിർമ്മാണ ക്രിയയിലും അക്ഷന്തവ്യമായ കള്ളപ്പണിയും കൃത്രിമങ്ങളും കൊള്ളയും നടന്നിട്ടുണ്ടു്.

ഏതായാലും ഇന്നത്തെ ഈ രാഷ്ട്രീയ യുഗം ഇന്ത്യയ്ക്കും കേരളത്തിനും മാത്രമല്ല, ലോകത്തിനു മുഴുവൻ തന്നെയും ഒരു ശാപമായി പരിണമിച്ചിരിക്കുകയാണെന്നു് പറയാതെ തരമില്ല. മനുഷ്യ സന്തതിയെ സ്വാർത്ഥമൂർത്തികളായി വളർത്തിയെടുക്കാനും ആ രൂപത്തിൽ ഉയർത്തിക്കാണിക്കാനും മാത്രമേ അതു പ്രയോജനപ്പെട്ടിട്ടുള്ളൂ. ഏതാനും നാളുകൾ ഉദരപൂരണം നടത്തി മണ്ണോടു് മണ്ണു് ചേരുന്ന മാംസപിണ്ഡം മാത്രമാണു് താനെന്നു് ഓരോ വ്യക്തിയെക്കൊണ്ടും വിശ്വസിപ്പിക്കുവാനാണു് അതു ശ്രമിക്കുന്നതു്. ജന്തു സാധാരണമായ ഈ വിശ്വാസം മനുഷ്യൻെറ അന്തരംഗത്തിൽ താനെ അങ്കുരിക്കുന്നതുമാണു്. പക്ഷേ ലോകത്തിനു് സ്വാർത്ഥ ലോഭത്തിൽ നിന്നുള്ള മുക്തിയും വ്യക്തികളുടെ ജീവിതമെന്ന സ്വപ്ന വിഭ്രമത്തിനു് അല്പമെങ്കിലുമുള്ള ഉപശാന്തിയും ലഭിക്കേണ്ടതു് ഇന്നു് എന്നത്തേക്കാളും ആവശ്യമായി വന്നിരിക്കുകയാണു്. മതാചാരങ്ങളുടെയും ആരാധനയുടെയും സാങ്കേതിക വശങ്ങളും ആത്യന്തിക ലക്ഷ്യങ്ങളും വിസ്മരിച്ചാൽ തന്നെയും, ക്ഷേത്രങ്ങൾക്കു് അതിപ്രധാനമായ ഈ ഒരു ധർമ്മം നിർവ്വഹിക്കാനുണ്ടെന്നു് വിവേകശാലികൾ സമ്മതിക്കാതിരിക്കുകയില്ല. സ്വാർത്ഥപൂർത്തിക്കും വ്യക്തിഭോഗത്തിനും അതീതമായി ജീവിതത്തിനു് ചില ശാശ്വത ഭാവങ്ങളുണ്ടെന്നുള്ള പൂർണ്ണ ബോദ്ധ്യത്തോടെ നമ്മുടെ പൂർവ്വികന്മാർ ചെയ്ത ഭഗീരഥപ്രയത്നത്തിൻെറ ഫലങ്ങളാണവ. നിസ്വാർത്ഥ സേവനമെന്നും പരാർത്ഥ ചിന്തയെന്നും പറയുന്നതു് വെറും മിഥ്യയല്ലെന്നു് തെളിയിക്കുവാനെങ്കിലും അവയെ നിലനിർത്തേണ്ടതു് ആവശ്യമാകുന്നു.

മിതമായ നിരക്കിൽ നെല്ലു് കുത്തുന്നതിന്നും, ധാന്യങ്ങൾ, മസാലകൾ എന്നിവ പൊടിക്കുന്നതിനും ഒരു വിശ്വസ്ത സ്ഥാപനം

**ഗീത റൈസ് & ഫ്ളവർ മിൽസ്**

അമ്പലം റോഡ് ജംഗ്ഷൻ

പി. ഒ. മണ്ടൂർ-670501

**ശ്രീ രാഘവപുരം ക്ഷേത്രോദ്ധാരണ പ്രവർത്തനങ്ങൾക്ക് വിജയാശംസകൾ**

ക്ഷേത്രത്തിലേക്കാവശ്യമായ എല്ലാവിധ വഴിപാടു് സാധനങ്ങളും പൂജാദ്രവ്യങ്ങളും മിതമായ നിരക്കിൽ ലഭിക്കുന്ന ക്ഷേത്ര പരിസരത്തെ ഏകസ്ഥാപനം

**പി. ദാമോദരൻ**

ജനറൽ മർച്ചൻറ്

പടിഞ്ഞാറെ നട, ചെറുതാഴം.

പി. ഒ. മണ്ടൂർ - 670 501

Digitized by Kerala Sahitya Akademi